പതിമൂന്നാം കേരള നിയമസഭ
അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ. 2104 — 19.06.2012-ൽ മറുപടിയ്ക്ക്

## സ്പോർട്സ് ഹോസ്റ്റലുകളുടെ അപര്യാപ്തത

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ.പി.ശ്രീരാമകൃഷ്ണൻ<br>ശ്രീ.എ.പ്രദീപ്കുമാർ<br>ശ്രീ.വി.ശിവൻകുട്ടി<br>ശ്രീ.കെ.സുരേഷ് കുറുപ്പ് | | ശ്രീ.കെ.ബി.ഗണേഷ്കുമാർ<br>(വനവും, സ്പോർട്സും സിനിമയും വകുപ്പു മന്ത്രി) | |
| (എ) | സ്പോർട്സ് ഹോസ്റ്റലുകൾ വേണ്ടത്രയില്ലാത്തതും, ഉള്ളവയിൽ അടിസ്ഥാന സൗകര്യമില്ലാത്തതും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (എ) | ഏതാനും ചില ഹോസ്റ്റലുകളിൽ അടിസ്ഥാന സൗകര്യം മെച്ചപ്പെടുത്തേണ്ടതിന്റെ ആവശ്യം ശ്രദ്ധയിൽപ്പെടുകയും അതിനുള്ള നടപടി സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്. കേരള സംസ്ഥാന സ്പോർട്സ് കൗൺസിലിന്റെ കീഴിൽ വിവിധ ജില്ലകളിലായി 24 സെന്റ്രലൈസ്ഡ് സ്പോർട്സ് ഹോസ്റ്റലുകളും 33 കോളേജ് ഹോസ്റ്റലുകളും 15 സ്കൂൾ സ്പോർട്സ് ഹോസ്റ്റലുകളും വിവിധ കായിക ഇനങ്ങൾക്കായി പ്രവർത്തിച്ചു വരുന്നു. ടി ഹോസ്റ്റലുകളിൽ മെച്ചപ്പെട്ട താമസ സൗകര്യം ഒരുക്കിയിട്ടുണ്ട്. ഒരു കുട്ടിക്ക് പ്രതിദിനം ഭക്ഷണത്തിനുള്ള അലവൻസ് 75 രൂപയായിരുന്നത് 01.06.2011 മുതൽ നൂറു രൂപയാക്കി വർദ്ധിപ്പിച്ചിട്ടുണ്ട്. ഇതുകൂടാതെ സ്പോർട്സ് യൂണിഫോം, ട്രാക്ക് സ്യൂട്ട്, ഷൂസ്, കിറ്റ് ബാഗ്, കളിക്കുന്നതിനുള്ള യൂണിഫോം, കളി ഉപകരണങ്ങൾ, വാഷിംഗ് അലവൻസ്, പഠനസൗകര്യം തുടങ്ങിയവ അനുവദിച്ചിട്ടുണ്ട്. അടിസ്ഥാന സൗകര്യം കുറവായ ഹോസ്റ്റലുകളിൽ അടിസ്ഥാന സൗകര്യം ഒരുക്കുന്നതിന് അടിയന്തിര നടപടി സ്വീകരിച്ചിട്ടുണ്ട്. |
| (ബി) | ഇത്തരം ഹോസ്റ്റലുകളിൽ കായികതാരങ്ങൾ പലവിധത്തിൽ ചൂഷണം ചെയ്യപ്പെടുന്നതായി മനസ്സിലാക്കിയിട്ടുണ്ടോ ; | (ബി) | സ്പോർട്സ് ഹോസ്റ്റലുകളിൽ കായിക താരങ്ങൾ ഇപ്പോൾ ചൂഷണം ചെയ്യപ്പെടുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (സി) | എങ്കിൽ ഇത് തടയാനും കായികതാരങ്ങൾക്ക് മെച്ചപ്പെട്ട അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുന്നതിനും എന്തു നടപടിയാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ ? | (സി) | ഉദിക്കുന്നില്ല. |

സെക്ഷൻ ഓഫീസർ